# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2857 13/03/2020-ൽ മറുപടിയ്ക്ക്

## പാവറട്ടിയിൽ ഗ്യാസ് ശ്മശാനം സ്ഥാപിക്കുന്നതിനായുള്ള അനുമതി

ചോദ്യം : മറുപടി :

ശ്രീ.മുരളി പെരുനെല്ലി ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനം സ്ഥാപിക്കുന്നതിനായുള്ള അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷ തൃശ്ശൂർ ജില്ലാ കളക്ടർ നിരസിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിരസിക്കാനുണ്ടായ കാരണം എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | നിരസിച്ചിട്ടുണ്ട്.<br>പാവറട്ടി വില്ലേജ് സർവ്വെ നമ്പർ 1/1 ബി-യിൽ ഉൾപ്പെട്ട ഭൂമിയിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ നടത്തിയ സ്ഥല പരിശോധനയിൽ 1 ഏക്കർ 20 സെന്റ് മൊത്ത വിസ്തീർണ്ണമുള്ള ടി സർവ്വെ നമ്പറിലെ പകുതിയോളം ഭൂമി നിലവിൽ പുഴയായി മാറിയിട്ടുള്ളതിനാലും, വേലിയേറ്റ സമയത്ത് സമീപമുള്ള ചാലിലൂടെ പുഴയിൽ നിന്ന് വെള്ളം ശ്മശാനത്തിലേക്ക് കയറാൻ സാധ്യതയുള്ളതിനാലും, വെള്ളം കെട്ടിക്കിടക്കുന്ന ഗവൺമെന്റ് അസ്ഥിര പുഞ്ചയിൽപ്പെടുന്ന ഭൂമിയിൽ ശ്മശാന നിർമ്മാണത്തിനുള്ള അപേക്ഷ തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പേ നിരസിച്ചിട്ടുള്ളതിനാലും, വെള്ളക്കെട്ടും കണ്ടൽക്കാടുകളുമുള്ള അപേക്ഷാഭൂമി തണ്ണീർത്തടമെന്ന അവസ്ഥയിൽ നിലകൊള്ളുന്നതിനാലും, അപേക്ഷാഭൂമി CRZ പരിധിയിൽ വരുന്നതാകയാൽ KCZMA യുടെ അനുമതി തേടേണ്ടതാണെന്ന് അറിയിച്ച പഞ്ചായത്ത് സെക്രട്ടറി അപ്രകാരമുള്ള അനുമതി ഉത്തരവുകളൊന്നും ഹാജരാക്കാത്തതിനാലും, അപേക്ഷാ ഭൂമിയിലേയ്ക്ക് വഴിയില്ലാത്തതിനാലും, പ്രസ്തുത നിർമ്മാണം സംബന്ധിച്ച് ബഹു.മുൻസിഫ് കോടതിയിൽ കേസ് നിലവിലുള്ളതിനാലും, |

| | | | |
|---|---|---|---|
| | | | ഗ്യാസ് ക്രിമറ്റോറിയ നിർമ്മാണം സംബന്ധിച്ച് പരിസരവാസികൾക്കുള്ള എതിർപ്പ് പ്രസ്തുത നിർമ്മാണത്തിന് അനുമതി നൽകിയാൽ, നിർദ്ദിഷ്ട മേഖലയിൽ വർഗ്ഗീയ സംഘട്ടനം നടന്നിട്ടുള്ള സാഹചര്യത്തിൽ, ക്രമസമാധാ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ അനുമതി നൽകേണ്ടതില്ലെന്ന് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലുമാണ് പാവറട്ടി പഞ്ചായത്തിലെ ഗ്യാസ് ക്രിമറ്റോറിയ നിർമ്മാണത്തിനുള്ള അപേക്ഷ നിരസിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിനായി പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം അറിയിക്കാമോ? | (ബി) | അപേക്ഷ ലഭിച്ചിട്ടുണ്ട്. അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി നടത്തിയ മീറ്റിങ്ങിലും മുമ്പ് അപേക്ഷ നിരസിക്കാനുണ്ടായ സാഹചര്യങ്ങളിൽ നിന്ന് നിലവിൽ മാറ്റങ്ങളുണ്ടായതിനുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതാണ്. ജില്ലാ കളക്ടർ ഒരിക്കൽ നിരസിച്ച അപേക്ഷയിന്മേലുള്ള അപ്പീൽ/പരാതി 1998-ലെ പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം ഉപചട്ടം 6(10) പ്രകാരം സർക്കാരിലാണ് സമർപ്പിക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ**

ഒ